നമ്പർ: 14/2021

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
പരിശുദ്ധ സഭയുടെ സത്യ വിശ്വാസം സംരക്ഷിക്കുന്നതിനും, സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനുമായി സ്വജീവിതം സമർപ്പിച്ച പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയെ പ. സഭയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവുകയില്ല. ദൈവാശ്രയത്തോടും സമർപ്പണത്തോടുംകൂടെ ആത്മീക ജീവിതനിഷ്ഠ പാലിച്ച ആ വിശുദ്ധ പിതാവ് അങ്ങേയറ്റം അനുകരണീയമായ ഒരു മാതൃക പകർന്നുതന്ന് പ്രതിസന്ധികൾക്കും അനിശ്ചിതത്വത്തിനുമിടയിൽ പ്രാർത്ഥനാ ജീവിത നിഷ്ഠയോടും തപ:ശക്തിയോടും കൂടെ കർമ്മകുശലതയോടെ ജീവിതം നയിച്ച്, ഇപ്പോൾ ദൈവമുമ്പാകെ നമുക്കുവേണ്ടി പ്രാർത്ഥന അണയ്ക്കുന്നു. പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് പിതാവിന്റെ 87 -ാം ഓർമ്മപ്പെരുന്നാൾ 2021 ഫെബ്രുവരി 26, 27 (വെള്ളി, ശനി)  തീയതികളിൽ കോട്ടയം പഴയസെമിനാരി ചാപ്പലിൽ ആചരിക്കുകയാണ്.

പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. കോവിഡ് പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ടായിരിക്കും പെരുന്നാൾ ചടങ്ങുകൾ നടത്തപ്പെടുന്നത്. കോട്ടയം ചെറിയപള്ളിയിൽ നിന്ന് പഴയ സെമിനാരിയിലേക്ക് നടത്തുന്ന പ്രദക്ഷിണം ഈ വർഷം ഒഴിവാക്കിയിട്ടുണ്ട്. പെരുന്നാൾ ചടങ്ങുകൾ ഓൺലൈൻ ആയി സംപ്രേഷണം ചെയ്യുന്നതിന് ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. മലങ്കര സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ ഈ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ ഭക്ത്യാദരപൂർവ്വം എല്ലാ ഇടവകകളിലും ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും  നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യെൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2021 ജനുവരി മാസം 30-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.